എന്നാൽ ടി ഇക അനുവദിച്ച് നൽകുന്നതിന് നിലവിലുള്ള ബോർഡിന്റെ സാമ്പത്തികസ്ഥിതി പര്യാപ്തമല്ല. സർക്കാരിന്റെ നിലവിലെ വിഭവ സമാഹരണത്തിലുള്ള അപര്യാപ്തതകാരണം കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് ധനസഹായം അനുവദിക്കുവാൻ നിർവ്വാഹമില്ലാത്ത സാഹചര്യമാണുള്ളത്.

നിയുക്തി 2015 ജോബ്ഫെയർ

255 (920) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിയുക്തി 2015 എന്ന പേരിൽ ജോബ് ഫെയർ സംഘടിപ്പിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ആയതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് പ്രസ്തുത ഫെയറുമായി സഹകരിക്കുന്നത് ;

(ഡി) ഏതെല്ലാം മേഖലയിലുള്ളവരാണ് പ്രസ്തുത ഫെയറിൽ പങ്കെടുക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾകൂടി ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യമാണ് "നിയുക്തി 2015" മെഗാജോബ് ഫെയർകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) "നിയുക്തി 2015" ജോബ്ഫെയറിൽ ജില്ലാ ഭരണകൂടത്തിന്റെയും പോലീസ് വകുപ്പിന്റെയും സ്വകാര്യമേഖലയിലെ തൊഴിൽ ദാതാക്കളുടെ സംഘടനയുടെയും വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സ്വകാര്യ മേഖലയിലെ തൊഴിൽദായകരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹകരണം ലഭിക്കുന്നുണ്ട്.

(ഡി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പും വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളായ എംപ്ലോയബിലിറ്റി സെന്ററുകളും ചേർന്നാണ് ജോബ് ഫെയർ സംഘടിപ്പിച്ചത്. അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾ, സ്വകാര്യമേഖലയിലെ ഉദ്യോഗദായകർ എന്നിവരാണ് മേളയിൽ പങ്കെടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly